ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:02.12.2024

## പ്രധാനവാർത്തകൾ

1. **പാർലമെൻറിൽ ഇന്നും പ്രതിപക്ഷ പ്രതിഷേധം. ലോക്സഭയും രാജ്യസഭയും ഇന്നത്തേക്ക് പിരിഞ്ഞു.**

2. **കേരളത്തിൽ അതിതീവ്ര മഴ മുന്നറിയിപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ചുവപ്പു ജാഗ്രത.**

3. **മഴക്കെടുതി നേരിടാൻ എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ തുറന്നു; ശബരിമലയിലേക്കുള്ള പരമ്പരാഗത കാനന പാതയിലൂടെയുള്ള യാത്ര താൽക്കാലികമായി നിരോധിച്ചു.**

4. **സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കേണ്ടി വരുമെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി.**

5. **തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കരട് വാർഡ് വിഭജനം സംബന്ധിച്ച പരാതികൾ സമർപ്പിക്കാനുള്ള സമയപരിധി മറ്റന്നാൾ അവസാനിക്കും.**

==========================================

RNU TVPM

## പാർലമെൻറ്

വിവിധ വിഷയങ്ങളിലെ പ്രതിക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറിൻറെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ബഹളത്തെ തുടർന്ന് ഇരുസഭകളിലും നടപടികൾ ആദ്യം 12 മണി വരെ നിർത്തിവച്ചു. 12 മണിക്കുശേഷവും ബഹളം തുടർന്നതിനാൽ ഇന്നത്തേക്ക് പിരിയുകയായിരുന്നു.

=========================================

## മഴ ജനറൽ

ഫെൻജൽ ചുഴലിക്കാറ്റിൻറെ പശ്ചാത്തലത്തിൽ കേരളത്തിൽ ഇന്ന് അതിതീവ്ര മഴയ്ക്ക് സാധ്യത. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ,കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. കാസറഗോഡ് ജില്ലയിൽ ഓറഞ്ച് ജാഗ്രത ആയിരുന്നത് ഇന്ന രാവിലത്തെ റിപ്പോർട്ടിലാണ് ചുവപ്പു ജാഗ്രതയായി ഉയർത്തിയത്. പാലക്കാട്, എറണാകുളം, ഇടുക്കി, തൃശൂർ, ജില്ലകളിൽ ഓറഞ്ച് ജാഗ്രതയാണ്. ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ചുവപ്പു ജാഗ്രത പ്രഖ്യാപിച്ച സ്ഥലങ്ങളിൽ കുറഞ്ഞ സമയം കൊണ്ടു വലിയ മഴ പെയ്യേക്കും. മലവെള്ളപ്പാച്ചിലിനും മിന്നൽപ്രളയത്തിനും സാധ്യതയുള്ളതിനാൽ മലയോര പ്രദേശങ്ങളിൽ കഴിയുന്നവർ ജാഗ്രത പാലിക്കണം. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ സാധ്യതയും പ്രവചിക്കുന്നു. കേരള-കർണ്ണാടക തീരത്ത് മറ്റന്നാൾ വരെയും ലക്ഷദ്വീപ് തീരത്ത് ഈ മാസം അഞ്ചുവരെയും മീൻപിടിക്കാൻ പോകരുത്.

=========================================

RNU TVPM

**മുഖ്യമന്ത്രി - മഴ**

കേരളത്തിൽ അതിതീവ്ര മഴ മുന്നറിയിപ്പ് നിലനിൽക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭ്യർഥിച്ചു. മലയോര മേഖലയിലെ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ, സാധ്യത കണക്കിലെടുത്ത് പ്രദേശങ്ങളിലുള്ളവർ സുരക്ഷിതമായ സ്ഥലത്തേക്ക് പകൽ സമയത്ത് തന്നെ മാറി താമസിക്കാൻ തയ്യാറാവണം. കടലാക്രമണം ശക്തമാകാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം. കേരളത്തിലെ എല്ലാ ജില്ലകളിലും 24 മണിക്കൂർ പ്രവർത്തിക്കുന്ന താലൂക്ക്, ജില്ലാ കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. അവശ്യഘട്ടങ്ങളിൽ 1077, 1070 എന്നീ ടോൾ ഫ്രീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

==========================================

**കെ രാജൻ - (ഇൻട്രോ)**

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ഇന്ന് വൈകിട്ടോടെ മഴ ശക്തി പ്രാപിക്കുമെന്ന് റവന്യൂ മന്ത്രി കെ.രാജൻ. തിരുവനന്തപുരത്ത് സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടിയിൽ മഴ മുന്നറിയിപ്പ് സാഹചര്യങ്ങൾ വിലയിരുത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

**(വോയിസ്..............)**

RNUTVPM

==========================================

**മഴ -പത്തനംതിട്ട**

പത്തനംതിട്ട ജില്ലയിൽ മലയോര മേഖലകളിലുൾപ്പെടെ മഴ തുടരുന്നു. ശബരിമലയിൽ ശക്തമായ മഴയ്ക്ക് കുറവ് വന്നിട്ടുണ്ട്. മഴമുന്നറിയിപ്പിൽ മാറ്റംവന്നതിനാൽ നേരത്തെ പമ്പാനദിയിലെ സ്നാനത്തിന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം ഒഴിവാക്കി. പ്രതികൂലസാഹചര്യത്തെ നേരിടാൻ പമ്പയിലും സന്നിധാനത്തും ദേശീയദുരന്തനിവാരണ സേനയിലെ 79 പേരുടെ സംഘം സജ്ജമാണ്.

========================================

**ഇടുക്കി ശബരിമല- (ഇൻട്രോ)**

കനത്ത മഴയെ തുടർന്ന് ശബരിമലയിലേക്കുള്ള പരമ്പരാഗത കാനന പാതയിലൂടെയുള്ള യാത്ര താൽക്കാലികമായി നിരോധിച്ചു. ഇതുവഴി പോകാനെത്തിയ അയ്യപ്പ ഭക്തർക്കായി താൽക്കാലിക ഷെൽട്ടർ സംവിധാനം ഏർപ്പെടുത്തി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**
**(വോയിസ്.........)**

========================================

**മഴ - കോഴിക്കോട്**

കോഴിക്കോട് ജില്ലയിൽ മലയോര മേഖലകളിൽ മേഘാവൃതമായ അന്തരീക്ഷമാണ്. രാവിലെ നേരിയ തോതിൽ മഴ ലഭിച്ചു.

RNU TVPM

========================================

**മഴ -കോട്ടയം**

കോട്ടയത്ത് വിവിധ സ്ഥലങ്ങളിൽ വെള്ളക്കെട്ട് രൂപപ്പെട്ടിട്ടുണ്ട്. പുതുപ്പള്ളി കൊട്ടരത്തിൽ കടവിൽ റോഡിൽ വെള്ളം കയറി ഗതാഗതം തടസപ്പെട്ടു. മീനച്ചിലാറിലും മണിമലയാറിലും ജലനിരപ്പ് ഉയർന്നു. പാലായിലും കാഞ്ഞിരപ്പള്ളിയിലും മറ്റു കിഴക്കൻ ഭാഗങ്ങളിലും മഴ തുടരും.

========================================

**രാത്രികാല യാത്ര നിരോധനം**

ഈരാറ്റുപേട്ട - വാഗമൺ റോഡിൽ രാത്രികാല യാത്ര നിരോധിച്ചു. കോട്ടയം ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളായ വാഗമൺ, ഇല്ലിക്കൽ കല്ല്, മാർമല അരുവി, ഇല വീഴാ പൂഞ്ചിറ എന്നിവിടങ്ങളിലേക്കുള്ള പ്രവേശനവും മറ്റന്നാൾവരെ നിരോധിച്ചു.

========================================

**മഴ - കണ്ണൂർ**

കണ്ണൂർ ജില്ലയിൽ മഴയെത്തുടർന്ന് കനത്ത ജാഗ്രത തുടരുന്നു. ജില്ലയിലെ മലയോരത്ത് മഴ പെയ്യുന്നുണ്ട്. ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയക്കുള്ള സാധ്യതയാണ് പ്രവചിച്ചിരിക്കുന്നത്. മലവെള്ള പാച്ചിൽ സാധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർ സുരക്ഷിത സ്ഥാനത്തേക്ക് മാറണം.

=========================================

**രാഷ്ട്രപതി**

അന്താരാഷ്ട്ര ഭിന്നശേഷി ദിനം നാളെ. ദിവ്യംഗരുടെ ശാക്തീകരണത്തിനുള്ള ദേശീയ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു നാളെ സമ്മാനിക്കും. അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷത്തിൻറെ സംസ്ഥാനതല ഉദ്ഘാടനം നാളെ തൃശൂരിൽ നടക്കും. മന്ത്രി ആർ ബിന്ദു ഉദ്ഘാടനം നിർവ്വഹിക്കും.

RNUTVPM

=========================================

**വൈദ്യുതി നിരക്ക്**

സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർധിപ്പിക്കുന്നതും പ്രത്യേക സമ്മർ താരിഫ് ഏർപ്പെടുത്തുന്നതും പരിഗണനയിലാണെന്ന് മന്ത്രി കെ കൃഷ്ണൻ കുട്ടി പാലക്കാട്ട് പറഞ്ഞു. ആഭ്യന്തര ഉൽപാദനം കുറഞ്ഞത് തിരിച്ചടിയായിരിക്കുന്നതിനാൽ വൈദ്യുതി നിരക്ക് വർധനവ് പരിഗണയിൽ ആണെന്നാണ് മന്ത്രി ഒരു സ്വകാര്യ വാർത്താ ചാനലിനോട് പ്രതികരിച്ചത്. സമ്മർ താരിഫ് കൊണ്ടുവരുന്നത് ആലോചനയിലുണ്ടെന്നും നിരക്ക് വർധനവുമായി ബന്ധപ്പെട്ട് റെഗുലേറ്ററി കമ്മിഷൻ റിപ്പോർട്ട് കെഎസ്ഇബിക്ക് നൽകിയാൽ ആലോചിച്ച് തീരുമാനമെടുക്കുമെന്നും മന്ത്രി പറഞ്ഞു.

=========================================

**<u>കണ്ണൂർ കവർച്ച - (ഇൻട്രോ)</u>**

കണ്ണൂർ വളപട്ടണത്തെ അരി മൊത്ത വ്യാപാരി അഷ്റഫിൻ്റെ വീട്ടിൽ നടന്ന കവർച്ചയുമായി ബന്ധപ്പെട്ട അറസ്റ്റിലായ ലിജേഷിനെ ഇന്ന് കോടതിയിൽ ഹാജരാക്കും. അഷറഫിൻ്റെ അയൽവാസിയാണ് ലിജേഷ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ.....**

**(വോയിസ്..........)**

==============================================

**<u>വാർഡ് വിഭജനം പരാതികൾ</u>**

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കരട് വാർഡ് വിഭജനം സംബന്ധിച്ച പരാതികൾ ബുധൻ വൈകിട്ട് അഞ്ചിന് മുമ്പായി നൽകണം. ഡീലിമിറ്റേഷൻ കമ്മീഷൻ സെക്രട്ടറിക്കോ ബന്ധപ്പെട്ട ജില്ലാ കളക്ടർക്കോ ആണ് നൽകേണ്ടത്. കരട് നിർദ്ദേശം നവംബർ 16 ന് പ്രസിദ്ധീകരിച്ചിരുന്നു. വെബ്സൈറ്റ്, തദ്ദേശ സ്ഥാപനം, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ അവ പരിശോധിക്കാം. ഡിജിറ്റൽ ഭൂപടവും ഇതിൽ ലഭ്യമാണ്.

RNU TVPM

==============================================

**<u>ബീമാപള്ളി ഉറൂസ്</u>**

തിരുവനന്തപുരത്തെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ ഒന്നായ ബീമാപള്ളി ദർഗാ ഷെരീഫിലെ ബീമാപള്ളി ഉറൂസിന് നാളെ കൊടിയേറും. ബീമാപള്ളിയിലേക്ക് കെ.എസ്.ആർ.ടി.സി പ്രത്യേക സർവ്വീസ് നടത്തും. ഉറൂസ് പ്രമാണിച്ച് നാളെ തിരുവനന്തപുരം നഗരസഭ പരിധിയിലെ എല്ലാ സംസ്ഥാന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ പ്രാദേശിക അവധി നൽകി. മുൻ നിശ്ചയപ്രകാരമുള്ള പൊതുപരീക്ഷകൾക്ക് അവധി ബാധകമായിരിക്കില്ല.

==============================================

**പ്രോബ -3 ദൗത്യം**

യൂറോപ്യൻ സ്പേസ് ഏജൻസിയ്ക്കായുള്ള ഐ.എസ്.ആർ.ഒ.യുടെ പി.എസ്.എൽ.വി സി-59 പ്രോബ-3 ദൗത്യം

മറ്റന്നാൾ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ സ്പേസ് സെൻററിൽ നിന്ന് കുതിച്ചുയരും. 550 കിലോ ഭാരമുള്ള ഉപഗ്രഹമാണ് വിക്ഷേപിക്കുന്നത്. സൂര്യാന്തരീക്ഷത്തിലെ ചൂടേറിയതും ഏറ്റവും പുറമേയുള്ളതുമായ സോളർ കൊറോണ പാളിയെപ്പറ്റി പഠിക്കുകയാണ് ലക്ഷ്യം.

=============================================

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരിവിപണികളിൽ ചാഞ്ചാട്ടം. മുംബൈ ഓഹരി സൂചിക സെൻസെക്സ് 79,802- ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 24,151- ലും വ്യാപാരം തുടരുന്നു. സ്വർണവിലയിൽ നേരിയ കുറവ്. ഗ്രാമിന് 60 രൂപ കുറഞ്ഞ് 7,090 രൂപയും പവന് 480 കുറഞ്ഞ് 56,720 രൂപയുമാണ് ഇന്നത്തെ വില.

=============================================

**ദേശീയ ജൂനിയർ അത്‌ലറ്റിക് മീറ്റ്**

ദേശീയ ജൂനിയർ അത്‌ലറ്റിക് മീറ്റ് ഈമാസം എഴ് മുതൽ 11 വരെ ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിൽ നടക്കും. 98 ഇനങ്ങളിൽ പകലും രാത്രിയുമായാണ് മത്സരം. കേരളത്തിന് 108 അംഗ ടീമാണുള്ളത്.

=============================================

**ഐ.എസ്.എൽ ഫുട്ബോൾ**

ISL ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ F.C, മുഹമ്മദൻ S.C യെ നേരിടും. രാത്രി ഏഴരയ്ക്ക് ജംഷഡ് പൂരിലാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ബെംഗളൂരു എഫ് സി - ഒഡിഷയെ എഫ് സിയെ 2 ഗോളുകൾക്ക് പരാജയപ്പെടുത്തി.

RNU TVPM

========================================

**ദേശീയ മലിനീകരണ പ്രതിരോധ ദിനം**

ഇന്ന് ദേശീയ മലിനീകരണ പ്രതിരോധ ദിനം. 1984 ഡിസംബര്‍ രണ്ടിന് ഉണ്ടായ ഭോപ്പാല്‍ വിഷവാതക ദുരന്തത്തില്‍ ജീവന്‍ നഷ്ടപ്പെട്ടവരുടെ ഓര്‍മ്മയ്ക്കായാണ് ഈ ദിനം ആചരിക്കുന്നത്. ശുദ്ധവായു, ഹരിതഭൂമി - സുസ്ഥിരജീവിതത്തിലേക്ക് ഒരു ചുവട് എന്നതാണ് ഈ വര്‍ഷത്തെ ദിനാചരണ പ്രമേയം.

========================================

**കേരള ശാസ്ത്ര കോണ്‍ഗ്രസ്**

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗണ്‍സില്‍ സംഘടിപ്പിക്കുന്ന 37-ാ മത് കേരള സയന്‍സ് കോണ്‍ഗ്രസ് ഫെബ്രുവരി എട്ടിന് മുഖ്യമന്ത്രി പിണറായി വിജയന്‍ തൃശൂര്‍ കേരള കാര്‍ഷിക സര്‍വകലാശാലയില്‍ ഉദ്ഘാടനം ചെയ്യും.

RNU TVPM

====================

============================

========================================